# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## <u>പോലീസ് ആസ്ഥാനത്തെ ജൂനിയർ സൂപ്രണ്ട് കുമാരി ബീനയുടെ സ്ഥലം മാറ്റം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5534 24.05.2017-ൽ മറുപടിക്ക്

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| എ) | പോലീസ് ആസ്ഥാനത്തെ ജൂനിയർ സൂപ്രണ്ട് കുമാരി ബീനയെ സംസ്ഥാന പോലീസ് മേധാവി സ്ഥലം മാറ്റിയിരുന്നോ; എങ്കിൽ എന്ത് കാരണത്താലാണ് സ്ഥലം മാറ്റിയത്; | സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിൽ കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| ബി) | പോലീസ് ആസ്ഥാനത്തിന് പുറത്തേക്കാണോ പ്രസ്തുത സ്ഥലം മാറ്റം ഉത്തരവായത്; ഏത് സീറ്റിലേക്കാണ് സ്ഥലം മാറ്റിയതെന്നറിയിക്കാമോ; | ആദ്യം പോലീസ് ആസ്ഥാനത്തെ 'T' ബ്രാഞ്ചിൽ നിന്നും 'U' ബ്രാഞ്ചിലേക്കും രണ്ടാമത്തെ ഉത്തരവ് പ്രകാരം പോലീസ് ആസ്ഥാനത്തിന് പുറത്തുള്ള 'AP' ബറ്റാലിയൻ ആസ്ഥാനത്തേക്കും മാറ്റി ഉത്തരവായി. |
| സി) | പോലീസ് മേധാവിയുടെ പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | റദ്ദാക്കിയിട്ടില്ല, മരവിപ്പിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് അനുസരിക്കാത്ത കീഴ് ജീവനക്കാരിയുടെ നടപടി സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാകയാൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | നടപടി സ്വീകരിച്ചിട്ടില്ല. |
| ഇ) | സംസ്ഥാന പോലീസ് അധികാരിക്ക് തന്റെ കീഴിലുള്ള നോൺ ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥയെ സ്ഥലം മാറ്റാൻ അധികാരമില്ലേ; | അധികാരം ഉണ്ട്. |

| | | |
|---|---|---|
| എഫ്) | പ്രസ്തുത ഉദ്യോഗസ്ഥ തന്റെ ട്രാൻസ്ഫറിനെതിരെ ചീഫ് സെക്രട്ടറിക്ക് പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏത് സർവ്വീസ് റൂളിലെ ഏത് ചട്ടപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; | അഡീഷണൽ ചീഫ് സെക്രട്ടറി (Home)- ന് മാനദണ്ഡങ്ങൾ ലംഘിച്ച് അകാരണമായി സ്ഥലം മാറ്റിയതിനെ സംബന്ധിച്ച് (ഉചിത മാർഗ്ഗേണ) എന്ന് രേഖപ്പെടുത്തി പരാതി നൽകിയിട്ടുണ്ട്. |
| ജി) | സംസ്ഥാനത്ത് വകുപ്പ് മേധാവികൾ നടത്തുന്ന എല്ലാ സ്ഥലമാറ്റങ്ങളിലും സർക്കാർ ഭാവിയിൽ ഇടപെടുമോ; അതിനുള്ള അപേക്ഷകൾ ചീഫ് സെക്രട്ടറിക്ക് നൽകിയാൽ മതിയോ? | ഇക്കാര്യം ഇപ്പോൾ പരിശോധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**